**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** **27-01-2026 - ൽ മറുപടിയ്ക്ക്**

**അടിമാലിയിലെ അമ്മയും കുഞ്ഞും ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ അടിമാലിയിലെ അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ; | (എ) | അടിമാലി അമ്മയും കുഞ്ഞും ആശുപത്രി നിർമ്മിക്കുന്നതിലേയ്ക്ക് 30.25 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര തുകയുടെ അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണത്തിന് ഇടുക്കി പാക്കേജ് പദ്ധതിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; അറിയിക്കാമോ; | (സി) | ഉണ്ട്. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ആശുപത്രിയുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനു അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) | അടിമാലി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിന് DSR-2016 cost index 49.69 പ്രകാരം 14.71 കോടി രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നുവെങ്കിലും 4.5 കോടി രൂപയ്ക്ക് മാത്രമാണ് ഭരണാനുമതി നൽകിയിരുന്നത്. പിന്നീട് ഈ കെട്ടിടത്തിന്റെ നിർമ്മാണം 2 ഘട്ടങ്ങളിലായി നടത്തുന്നതിനും മേൽ പറഞ്ഞ 4.5 കോടി രൂപ ഉപയോഗിച്ച് പൈലിംഗ് ഉൾപ്പെടയുള്ള ബേസ്മെന്റ് വർക്ക് ഒന്നാം ഘട്ടമായി പൂർത്തിയാക്കുന്നതിനും, ബാക്കി ഗ്രൗണ്ട് ഫ്ളോർ ഉൾപ്പെടെ 5 നിലകളുടെ പണി രണ്ടാം ഘട്ടമായി പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിക്ക് 14.71 കോടി രൂപ തികയാതിരുന്ന സാഹചര്യത്തിൽ 20 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 2016 DsoR പ്രകാരം തയ്യാറാക്കി സമർപ്പിച്ചിരുന്നെങ്കിലും കോസ്റ്റ് ഇൻഡക്സ് മാറിയതിനാൽ 2018 DsoR-ലും 18% ജി.എസ്.ടി. നിരക്കിലും പുതുക്കിയ 30.25 കോടി രൂപയുടെ പ്രൊപ്പോസൽ 2023-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രൊവിഷനിൽ ടി പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടി തുക അപര്യാപ്തമാണെന്ന് |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അറിയിച്ചതിനാൽ ആദ്യ ഘട്ട എസ്റ്റിമേറ്റ് മാത്രമായി തയ്യാറാക്കുവാൻ പൊതുരമാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം 15 കോടി രൂപയുടെ ആദ്യ ഘട്ട എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ടെക്നിക്കൽ സാങ്ഷൻ ലഭ്യമാവുകയും ടെണ്ടർ നടപടികൾ പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ